വിഭാഗം ഈ രംഗത്തു പ്രവർത്തന പരിചയവും കഴിവും ഉള്ള ഒരു സീനിയർ ഉദ്യോഗസ്ഥന്റെ കീഴിൽ പ്രവർത്തിക്കുന്നതാണ്.

ഈ വിഷയം അവസാനിക്കുന്നതിനുമുമ്പ് വിവിധ വ്യവസായസ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പ്രശ്നത്തെപ്പറ്റി പരാമർശിക്കട്ടെ. കേരളത്തെപ്പോലെ സാമ്പത്തിക പരാധീനതയുള്ള ഒരു സംസ്ഥാനത്തിന് ഇമ്മാതിരി വ്യവസായങ്ങൾക്ക് കാര്യമായ ധനസഹായം ചെയ്യുന്നതിന് വളരെയേറെ പരിമിതികൾ ഉണ്ട്. അതുകൊണ്ട് നാം ബാങ്കുകളെയും മറ്റു ധനകാര്യ സ്ഥാപനങ്ങളെയും കൂടുതൽ അളവിൽ ആശ്രയിക്കേണ്ടിയിരിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളും കോർപ്പറേഷനുകളും അവയുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിന് മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ സമീപിക്കേണ്ടിയിരിക്കുന്നു. പ്രമുഖ ബാങ്കുകളുടെ ദേശവൽക്കരണം ഇതിന് അനുകൂലമായ കാലാവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. ബാങ്കുകളിൽനിന്നും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളിൽനിന്നും ധനസഹായം നേടുന്നതിന് ആവശ്യമായ ഗാരൻറികൾ നൽകാൻ ഗവൺമെൻറ് സന്നദ്ധമായിരിക്കും.

വാഹനഗതാഗതം

മുൻകൊല്ലങ്ങളിൽ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ തുടരെ തുടരെ നഷ്ടം നേരിട്ടുകൊണ്ടിരിക്കുകയായിരുന്നു. അതിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും, സാമ്പത്തികനിലയും ലാഭസാദ്ധ്യതയും, മെച്ചപ്പെടുത്തുന്നതിനുംവേണ്ടി അതിന്റെ പ്രവർത്തനരീതി പുനഃസംവിധാനം ചെയ്യുന്നതാണ്. 284 ബസ്സുകൾ വാങ്ങുന്നതിനും 200 ഷെഡ്യൂളുകൾ കൂടുതലായി ആരംഭിക്കുന്നതിനുമാണ് കോർപ്പറേഷന്റെ 1970–71–ലെ പരിപാടി. ഇതിലേയ്ക്കായി 230 ലക്ഷം രൂപയുടെ മുതൽമുടക്കാണ് കോർപ്പറേഷൻ ഉദ്ദേശിച്ചിട്ടുള്ളത്. അതിലേയ്ക്ക് സംസ്ഥാനഗവൺമെൻറ് നൽകുന്നത് 60 ലക്ഷം രൂപയായിരിക്കും.

മുമ്പു പ്രവർത്തനത്തിലിരുന്ന വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആലപ്പുഴ ജില്ലയിൽ നടത്തിവന്ന ബോട്ട് സർവ്വീസുകളാണ് ഇപ്പോൾ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ഏറ്റെടുത്തു നടത്തുന്നത്. സർവ്വീസുകളുടെ പ്രവർത്തനം തൃപ്തികരമല്ല. കൂടുതൽ കാര്യക്ഷമമായും ലാഭകരമായും സർവ്വീസ്സുകൾ നടത്തുന്നതിനും ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കാനും, അത്യാവശ്യം വേണ്ട സ്റ്റാഫിനെ നിയമിക്കാനും, ഉദ്ദേശമുണ്ട്. അടുത്തവർഷത്തെ പദ്ധതിയിൽ വകയ്ക്കൊള്ളിച്ചിരുന്ന നാലു ലക്ഷം രൂപയ്ക്കുപുറമേ അഞ്ചു ലക്ഷം രൂപകൂടി ബോട്ടുകൾ വാങ്ങുന്നതിലേയ്ക്കു ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഒരു ഉൾനാടൻ ജലഗതാഗതകാർപ്പറേഷൻ രൂപീകരിക്കുന്നതിനു ടോക്കൺ സംഖ്യ ബഡ്ജറിൽ കൊള്ളിച്ചിട്ടുണ്ട്.

പൊതുമരാമത്ത്

നടപ്പുസാമ്പത്തികവർഷത്തിൽ പൊതുമരാമത്തു പണികൾക്കുള്ള തുക ഗണ്യമായി വർദ്ധിപ്പിക്കേണ്ടിവന്നു. അതിവൃഷ്ടിയെത്തുടർന്നു ഗതാഗതോപാധികളുടെ അറ്റകുറ്റപ്പണികൾ വിപുലമായ തോതിൽ നടത്തേണ്ടിവന്നതാണ് ഇതിനു കാരണം. കൂടാതെ സ്കൂൾ കെട്ടിടങ്ങൾക്കുള്ള തുകയും വർദ്ധിപ്പിക്കേണ്ടിവന്നു. 1970–71–ലേക്ക് റോഡുകളുടേയും സർക്കാർവക കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി 5.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് കാര്യമായ വർദ്ധനയെയാണ് ഇതു കാണിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly